# ജി.വി.എച്ച്.എസ്.എസ്.
# കാരാക്കറുശ്ശി



# ആശംസ

**പ്രിയപ്പെട്ടവരെ**

ജി.വി.എച്ച്.എസ്.എസ്.കാരാകുറുശ്ശി ഹയർ സെക്കണ്ടറി സ്കൂളിൽ ലിറ്റിൽ കൈറ്റസ് ക്ളബ്ബിൻെ നേതൃതത്തിൽ വൈഖരി എന്ന പേരിൽ ഡിജിറ്റൽ മാഗസിൻ പുറത്തിറക്കുന്നു എന്നറിഞ്ഞതിൽ സന്തോഷമുണ്ട് മാഗസിനുകൾഎപ്പോഴും അറിവുകൾക്കപ്പുറത്തേക്ക് തിരിച്ചറിവുകൾ നൽകുന്നവയാണ്. മാഗസിൻ വിദ്യാർത്ഥികളുടെ സർഗ്ഗഭാവനയുടെ വാതായനങ്ങൾ തുറക്കുന്ന കലാസൃഷ്ടിയാണ്.ഓരോ കുട്ടിയിലെയും പ്രതിഭയാണ് ഈ മാഗസിനിലെ ഇതളുകളിലൂടെ വെളിവാകുന്നത് ഈ സംരംഭത്തിന് പിന്നിൽ പ്രവർത്തിച്ച എല്ലാവർക്കും അഭിനന്ദനങ്ങൾ

എല്ലാവിധ ആശംസകളും നേരുന്നു

എന്ന്
ഹെഡ്മാസ്റ്റർ
അർമിയ മുഹമ്മദ് നസീം



## പ്രിയപ്പെട്ടവരെ

**തൂലികയിലെ മഷിയിലൂടെ പുറത്തു വരുന്ന അക്ഷരങ്ങൾ എന്നും ലോകത്ത് അത്ഭുതങ്ങൾ സൃഷ്ടിക്കുന്നവയാണ്.ഇവയൊന്നും സമൂഹത്തിൻെ നാനാവിധ വികസനത്തിനും കാരണമായി തീർന്നിട്ടുണ്ട് എന്നത് വസ്തുതയാണ് .**

**ഈ ലക്ഷ്യത്തോടെ നമ്മുടെ സ്കൂളിലെ വിദ്യാർത്ഥികൾ അണിയിച്ചൊരുക്കിയ** **വൈഖരി** **എന്ന മാഗസിൻ ഏറ്റവും വിജ്ഞാനപ്രദമായി മാറിയതിൽ സന്തോഷം.ഇതിനു പിന്നിൽ പ്രവർത്തിച്ച എല്ലാവർക്കും അഭിനന്ദങ്ങൾ നേരുന്നു**

**എന്ന്**<br>
**പി.ടി.എ പ്രസിഡൻറ്**<br>
**സലാം**



# എഡിറ്റോറിയൽ ബോർഡ്
# ലിറ്റിൽകൈറ്റ്സ് (2023-24)





# സാമൂഹ്യമാധ്യമങ്ങളിൽ പൊലിയുന്ന കൗമാരങ്ങൾ

**കാ**ലത്തെ കവച്ചുവക്കുന്ന സമയത്തെക്കാളുംവേഗത്തിൽ ഓടുന്നസാമൂഹ്യമാധ്യമങ്ങളിലെ ദ്രശ്യങ്ങൾ ഇന്ന് കൗമാരക്കാരടങ്ങുന്ന ജനതയുടെ ഇഷ്ടപ്പെട്ട വിനോദങ്ങളിലൊന്നുമാത്രമാണ്.സാമൂഹ്യമാധ്യമങ്ങൾഇന്ന് പലദുരുപയോഗങ്ങളിലൂടെയും കടന്നുപോകുന്നു.അതിൽ പൊലിയുന്നത് രാജ്യത്തിന്റെഭാവി വാഗ്ദാനമായ യുവതലമുറയുംഅതിൽ കണ്ണീർചാർത്താൻ അവരുടെ കുടുംബാംഗങ്ങളും.

സാമൂഹ്യമാധ്യമങ്ങൾ ഇന്ന് പല കാര്യങ്ങൾക്കും ഉപയോഗിക്കുന്നു. പലവിധ ഗുണങ്ങളും ദോഷങ്ങളും അതിനുണ്ട്.ആദ്യകാലത്ത് മൊബൈൽഫോൺ , ടീ വി , ഇന്റർനെറ്റ് എന്നതൊന്നുമുണ്ടായിരുന്നില്ല. അന്ന് വളരെ സന്തോഷപൂർവ്വം ജീവിതം നയിച്ചു. പക്ഷെ കൊറോണ എന്ന മഹാമാരിവന്നതോടുകൂടി മൊബൈൽഫോൺ ആവശ്യകരമായി

ത്തീർന്നു. കുട്ടികൾക്ക് പഠനം നടത്താൻ അത്
അത്യാവശ്യമായിത്തീർന്നു.എന്നാൽഅന്നോർ
ത്തില്ല .അതിത്രയുംവലിയഭവിഷ്യത്തുണ്ടാക്കുമെ
ന്ന്. അന്ന്പഠിക്കാൻവേണ്ടി കുട്ടികളുടെ
കൈയിൽ ഫോൺ കൊടുത്തു. എന്നാൽ ഇന്ന്
അത് മാറ്റിവെക്കാൻരക്ഷിതാക്കൾ അവരെ
നിർബന്ധിക്കുമ്പോൾ അവർഅനുവദിക്കുന്നില്ല.
ഒരു നിമിഷം ഫോൺ ലഭിച്ചില്ലെങ്കിൽ അവർ
എന്തുചെയ്യുമെന്നുതന്നെ പറയാൻവയ്യ.
ചെറിയ കുഞ്ഞുങ്ങൾ മുതൽ മുതിർന്നവർ വരെ
സോഷ്യൽ മീഡിയ വഴി ബലിയാടാകുന്നു.
സാമൂഹ്യമാധ്യമങ്ങളിലൂടെ പരിചയപ്പെടുന്ന
സുഹൃത്തുക്കൾ അവരെ ഭീഷണിപ്പെടുത്തി പണം
തട്ടിയെടുക്കാൻശ്രമിക്കുന്നു.പണ്ടുമാതാപിതാക്ക
ളുമായിഇണങ്ങി ജീവിച്ചവർ ഇന്ന്
സാമൂഹ്യമാധ്യമങ്ങളിലോട്ട്
പോകുന്നു. അവർ അറിയുന്നില്ല അതിൽ
കുടുങ്ങിയാൽപിന്നെഊരാകുടുക്കായിമാറുമെന്ന്.
ചിലർ അറിഞ്ഞിട്ടും അതിനെ ഒഴിവാക്കാൻ
തയ്യാറാകുന്നില്ല. എന്തുകൊണ്ട്?

മൊബൈൽഫോണിലൂടെ

പരിചയപ്പെട്ടസുഹൃത്തുക്കളുമായി കൂടുതൽ അടുത്തിടപഴകി അത്പ്രണയ ബന്ധത്തിൽ എത്തിക്കുന്നു.പക്ഷെഇതൊക്കഫോണിലൂടെ യെന്നു മാത്രം. പിന്നീട് അവർ അവരുടെ ആവശ്യംസൂചിപ്പിക്കുന്നു.നഗ്നതപ്രദർശനത്തിന് നിർബന്ധിതരാകുന്ന അവർ അവരുടെ ആവശ്യം സഫലമാകുന്നു. പിന്നീട് ആ ദൃശ്യങ്ങൾ മാധ്യമങ്ങളിൽ ഇടുമെന്നുപറഞ്ഞ് ഭീഷണിപ്പെടുത്തുന്നു. അങ്ങനെ അവസാനം ആത്മഹത്യയിലോട്ട് അവളെ അത് കൊണ്ടെത്തിക്കുന്നു. അവളുടെ കുടുംബമാണ് കണ്ണീര് പൊലിക്കുന്നത്. സൈബർ ആക്രമണങ്ങളും ഇപ്പോൾവൻതോതിൽ നടക്കുന്നസാഹചര്യത്തിൽസർക്കാറിനെന്താണ് ചെയ്യാനാകുക?  അവർ എത്ര നിയമങ്ങൾ കൊണ്ടുവന്നാലും അത് പാലിക്കാൻആകുന്ന ആളുകളെക്കാട്ടിലും കൂടുതൽ അത് അവഗണിക്കുന്ന ആളുകളാണ്. അവർ കൊടും ക്രൂരകൃത്യങ്ങൾ സാമൂഹ്യമാധ്യമങ്ങളിലൂടെ നടത്തുന്നു. പണം തട്ടിപ്പ് , വായ്പാതട്ടിപ്പ് തുടങ്ങിയവയിലൂടെ സോഷ്യൽമീഡിയ

ദുരുപയോഗം ചെയ്യാൻ അവർ ശ്രമിക്കുന്നു. സാങ്കേതികവിദ്യ വർദ്ധിച്ചതോടെ സോഷ്യൽമീഡിയ ദുരുപയോഗവും വർദ്ധിച്ചു. ഇത്രയും ദോഷങ്ങളുള്ള സോഷ്യൽമീഡിയയെ എത്രയോപേർസ്നേഹിക്കുന്നു എന്നതാണ് വളരെ വിചിത്രം.

കഴിഞ്ഞ ദിവസമാണ് ഒരു കർഷകൻ പണംതട്ടിപ്പിലൂടെ വഞ്ചിക്കപ്പെട്ടത്. അതിൽ വിഷമിച്ചഅദ്ദേഹം ആത്മഹത്യയുടെ വക്കിലെത്തി. എല്ലാ വിഷമങ്ങൾക്കും അവസാനമാണോ ആത്മഹത്യ. ഇൻസ്റ്റാഗ്രാമാണ് ഇന്നേറെപേർ ഇഷ്ടപ്പെടുന്നത്.അതിലൂടെ റീൽസ് ചെയ്യുകയും വിനോദമാക്കി എടുക്കുകയും ചെയ്യുമ്പോൾ അവളറിയുന്നില്ല അതിലൂടെ തന്നെ വഞ്ചിക്കാൻ കാത്തിരിക്കുന്ന ഒരുപാട് ആളുകളാണ് ആ റീലിന് ലൈക്ക് അടിക്കുന്നത്. പണ്ട് വിളിക്കാൻ മാത്രം ഉപയോഗിച്ചിരുന്ന സെൽഫോൺ എന്നാണ് റെഡ്മി പ്രോ ആയും സ്മാർട്ട്ഫോണായും പുരോഗമിച്ചത്?എന്നാണ് ആളുകൾ അതിനെ ഇത്രയേറെ സ്നേഹിക്കാൻ തുടങ്ങിയത്?

കുട്ടികൾ ഓരോ ഗെയ്ംസ് കളിച്ച് അറിയാതെ അതിലൂടെ പൈസ പോകുന്നു.അങ്ങനെ എത്രയോ സംഭവങ്ങൾഇന്ത്യയിലല്ല,കേരളത്തിൽ തന്നെ ഉണ്ടായിട്ടുണ്ട്.

ഇത്രയൊക്കെ ദോഷങ്ങൾ ഉണ്ടെങ്കിലും മറ്റുപല ഗുണങ്ങളുംസോഷ്യൽമീഡിയക്കുണ്ട്.പണ്ട് കത്ത് അയക്കുന്നവരായിരുന്നു കൂടുതൽ പക്ഷെ ഇന്ന് അത് മൊബൈലിലൂടെ വളരെ എളുപ്പമായി സാധ്യമാകുന്നവയായിരിക്കുന്നു . മൊബൈൽ ഫോൺ ഇന്ന് വളരെയധികം മനുഷ്യജീവിതത്തിനെ സ്വാധീനിച്ചിരിക്കുന്നു. ദുരുപയോഗം ചെയ്യാതെ ഫലപ്രദമായി സോഷ്യൽ മീഡിയ ഉപയോഗിക്കുകയാണെങ്കിൽ പല മാറ്റങ്ങളും ഉണ്ടാകും എന്നുറപ്പ്.

എല്ലാവർക്കുമിപ്പോളാവശ്യം ട്രെൻഡ് ആണ്. മൊബൈലിൽ കാണുന്ന എല്ലാ കാര്യങ്ങളും തനിക്കു ചെയ്യണമെന്നാഗ്രഹിച്ചു അവരും ചെയ്യുന്നു ട്രെൻഡിനുവേണ്ടി. മൊബൈലിൽ ഫൈസ്ബുക്കിലെ പ്രൊഫൈലിൽ നല്ല വല്ല ഫോട്ടോയും ഇട്ട് ഇതുകാണുന്നവർക്ക് ഇവൻ സുന്ദരനാണെന്ന് അങ്ങനെ ഫ്രെൻഡ് റിക്വസ്റ്റ്  അയച്ച്

സുഹൃത്തുക്കളാകുന്നു.അങ്ങനെ അവൻ തന്റെ സ്വന്തം മുഖം മറച്ചുവച്ച് മറ്റൊരുവനാണെന്ന് തെറ്റിദ്ധരിപ്പിച്ച് മറ്റ് സ്ത്രീകളുമായി അടുപ്പത്തിലാകുന്നു. അവൾ അവന്റെ കൂടെ ഇറങ്ങിപ്പോരുന്നു.പക്ഷെ അപ്പോളാണവൾ അറിയുന്നത്ഇത്മറ്റൊരുവനാണെന്ന്.ഇങ്ങനെ കുറെ കുറെ നിഗൂഢതകൾ ഒളിഞ്ഞിരിക്കുന്ന സാമൂഹ്യമാധ്യമങ്ങൾ ഒരുക്രൂര മൃഗമാണെന്റെ അഭിപ്റായത്തിൽ.

സാമൂഹ്യമാധ്യമം എന്നവില്ലനെ ചെറുക്കാൻ നമ്മളോരോരുത്തരും സഹികരിക്കണ്ടത്. അതിലെ ചതിക്കുഴികൾ മനസ്സിലാക്കി അതിൽ വീഴാതെ മുന്നേറാം നമുക്ക് ഒരുമിച്ച്.സർക്കാരും നമ്മുടെ കൂടെയുണ്ട് നമ്മുടെ ഉന്നമനത്തിന്.കൈകോർക്കാം നമ്മൾ ഓരോരുത്തരും. സാമൂഹ്യമാധ്യമം ദുരുപയോഗിക്കാതെ ഫലപ്രദമായി ഉപയോഗിച്ച് രാജ്യത്തിന്റെ ഭാവിവാഗ്ദാനമായി മാറാൻ കൗമാരങ്ങളെ സഹായിക്കാം. നല്ലതിനായി കൈകോർക്കാം.

–നന്ദന ഗോപൻ




GVHSS

HST ENGLISH
GHS KARAKURISSI

# സംരംഭകത്വം ഒരു വ്യത്യസ്ത വീക്ഷണം

നാം ഇന്ന് ജീവിക്കുന്നത് ലാഭേച്ഛ കൂടുതലുള്ള സമൂഹത്തിലാണ്. ഇവിടെ സേവനം എന്നത് കേവലം ഒരു അലങ്കാര വിശേഷണമായി മാറിക്കൊണ്ടിരിക്കുന്നു.
ഭരണകൂടങ്ങൾ ഓരോ പ്രവൃത്തിയും എങ്ങിനെയാണ് ലാഭകരമാക്കാം എന്ന് കണക്ക് കൂട്ടുന്നു. നമ്മുടെ സമ്പദ് വ്യവസ്ഥയെ കരുത്തുറ്റതാക്കാൻ സ്വകാര്യ മേഖലക്ക് മാത്രമേ കഴിയൂ എന്ന ഒരു വിശ്വാസം പൊതു സ്വീകാര്യത നേടിയ സമയമാണ് കടന്ന് പോവുന്നത്.

സമസ്ത മേഖലയിലും കാണുന്ന ഈ പ്രവണത അദ്ധ്യാപകരെയും ബാധിച്ച് തുടങ്ങിയിരിക്കുന്നു.
'Teacher is a social engineer' എന്ന് പറഞ്ഞും കേട്ടും പഴകിയ പ്രയോഗത്തിന് ഭാവഭേദം ആവശ്യമായി വന്നു. ഇപ്പൊൾ അധ്യാപകൻ ഒരു സാമൂഹ്യ സംരംഭകൻ എന്ന് വിളിക്കുന്നതാവും ഏറെ നന്നാവുക.

മുൻ കാലങ്ങളിൽ വിദ്യാഭ്യാസം ലക്ഷ്യമാക്കി കരുതിയിരുന്നത് ജോലി സമ്പാദനമായിരുന്നു. എന്നാൽ ജനപ്പെരുപ്പം ശാസ്ത്ര സാങ്കേതിക മുന്നേറ്റം എന്നീ കാരണങ്ങളാൽ ഉദ്യോഗാർത്ഥികളുടെ എണ്ണത്തിന് ആനുപാതികമായി തൊഴിലവസരങ്ങൾ ഇല്ലാത്ത സാഹചര്യം ആയി. അതിനാൽ തന്നെ ഓരോ വ്യക്തിയും തൊഴിൽ തേടുന്നതിന് പകരം തൊഴിൽ നൽകുന്നതിനുള്ള കഴിവ് ആർജ്ജിക്കാൻ ഉതകുന്ന വിധത്തിൽ നമ്മുടെ വിദ്യാലയങ്ങൾ മാറുന്ന ഈ ഘട്ടത്തിൽ അധ്യാപകരെ നല്ല സംരംഭകൻ എന്ന് തന്നെയല്ലേ വിളിക്കേണ്ടത്?

നമ്മുടെ മൂലധനം നമുക്ക് ലഭിച്ച അറിവും അനുഭവവും തന്നെയാണ്. നമ്മൾ കുട്ടികൾക്ക് ശരിയായ അവസരം തുറന്ന് കൊടുക്കുമ്പോൾ അവരുടെ വളർച്ച ശരിയായ ദിശയിൽ ആയിരിക്കും. പ്രകൃതി തന്നെ നമുക്ക് ഒരു പാഠമാണ്. ഒരു ചെടി വളരുവാൻ പോഷകം നൽകുന്ന മണ്ണിനോ, സൂര്യനോ അതിൻ്റെ ഫലം അനുഭവിക്കുന്നില്ല, എന്നാൽ എണ്ണമറ്റ ജീവജാലങ്ങൾ അതിൻ്റെ ഗുണം അനുഭവിക്കുന്നു.

നമ്മുടെ കുട്ടികൾക്ക് മികച്ച സാധ്യത ഒരുക്കുന്നതിലൂടെ നാം ഒരു ശരിയായ സംരഭകനാവുന്നു. അറിവ് നേടുവാൻ മറ്റ് വഴികൾ ഉണ്ടെങ്കിലും തിരിച്ചറിവ് നേടുന്നതിന് ഗുരു സാന്നിധ്യം കുട്ടികൾക്ക് കൂടിയേ തീരൂ....... അതിനാൽ അവസരങ്ങൾ സൃഷ്ടിക്കുകയും അത് കുട്ടികൾക്ക് പ്രയോജനമാം വിധം ഉചിത സമയത്ത് അവരിലേക്ക് എത്തിക്കുകയും ചെയ്യുക എന്നത് ആധുനിക കാലത്ത് അധ്യാപകരുടെ കടമയാണ്.
അതിനാൽതന്നെ ഏതൊരു കാര്യത്തിനും ആദ്യ ചുവട് വയ്ക്കുന്നത് നമ്മളാവണം. ആയിരം കാതം നടക്കാൻ തീർച്ചയായും ആദ്യ ചുവട് വെച്ചതിന് ശേഷമേ കഴിയുകയുള്ളൂ.



## കാലം അവളെ ഒരു തീയാക്കി

കാണാനാഗ്രഹിച്ച സ്വപ്നങ്ങളുടെ
വേലിപ്പടിയിൽ നിസ്സഹായയായി
നിൽക്കുന്ന പ്രാവിനെ
ഞാൻ പറത്തിവിട്ടത്രെ!

അരിയിൽ നിന്നിറ്റി വീണ
ചോരകൊണ്ട് നിങ്ങൾ
ദാഹം മാറ്റിയപ്പോൾ,
ആ തിളച്ച ചോരയെ
ഞാൻ വീണ്ടെടുത്തത്രെ!

മേഘങ്ങൾക്കിടയിൽ
നിങ്ങളൊളുപ്പിച്ച
അച്ചുതണ്ടാൽ നിങ്ങളീ
നാട് ചുഴറ്റിക്കളിച്ചപ്പോൾ
ഞാനത് ഒടിച്ച് കളഞ്ഞ്
അവിവേകം കാണിച്ചത്രെ!

അമ്മമാർ മരിച്ച കുട്ടികൾക്ക്
മുലപ്പാൽ ചുരത്തിയത്
വലിയ വലിയ തെറ്റായിയത്രെ!

ഇതിനെല്ലാം വേണ്ടി
എൻ്റെ നെഞ്ച് തുരന്ന്
അതിലെ കവിതകൾ
നിങ്ങൾ പിഴുതെറിഞ്ഞപ്പോൾ,
തെരുവിലെ അവസാനത്തെ
കുട്ടി കരയുന്നുണ്ടായിരുന്നു;
അവൻ്റെ കണ്ണീരിന്
കരിമരുന്നിൻ്റെ ചുവയും!

## വെളുത്ത പൂവും ചുവന്ന നക്ഷത്രവും

ചോരയിൽ മലർന്ന് കിടന്ന്
അവൻ സ്വാതന്ത്ര്യം
ഉറക്കെച്ചൊല്ലുന്നു.
മേഘത്തിൻ്റെ ഹൃദയത്തിൽനിന്ന്
ഒലിച്ചിറങ്ങിയ കവിത,
ചുവന്ന പൂക്കളായി പെയ്യുന്നു.
നിശബ്ദത കാടിനെ പൊതിയുന്നു;
കാട് ഇരുളുന്നു.

അവൻ്റെ തുടുത്ത ചോര
മഴവില്ലിൻ്റെ ചില്ലയിലെ
നക്ഷത്രങ്ങളായി.
ജ്വലിക്കുന്ന അവൻ്റെ വാക്കുകൾ
പ്രതിഷേധത്തിൻ്റെ മുദ്രാവാക്യങ്ങളായി.
തെരുവ് വിളക്കുകൾ
അവൻ്റെ പാട്ടുകൾ പാടി.
അധികാരത്തിൻ്റെ മീതെ
അതൊരു കൊടുങ്കാറ്റായി!

നെഞ്ചിലെ കഠാര കൊണ്ട് ഒരു
വിപ്ലവം വരച്ചിട്ട് തെരുവിലൂടെ
അവൻ നടന്നുകൊണ്ടിരുന്നു.

**ചിന്ത വി.കെ 10.A**



# മഴയെക്കാത്ത് (കഥ )

കരി! പുക! ചോരയുടെ മണം കലർന്ന കാറ്റ്! മരണത്തിന്റെ നിഴലുകൾ നൃത്തം ചെയ്യുന്ന അന്തരീക്ഷം! പ്രതീക്ഷയറ്റ നിലവിളികൾ കാതു തുളഞ്ഞുകയറുന്നു.
അവസാന ശ്വാസത്തിനായുള്ള പിടച്ചിലുകൾ മനസ്സിനെ അസ്വസ്ഥമാക്കുന്നു. ഒരു വരണ്ട ഭൂമിയെന്ന പോലെ അവൾ ആകാശത്തേക്ക് നോക്കി. പ്രതീക്ഷയോടെ..... പക്ഷെ അടുത്ത നിമിഷം ഒരു കടുത്ത വേനലിൻ്റെ നിഴൽപാടുകൾ അവളിൽ പതിച്ചു !

- അലിഡ. കെ.എം
9
ജി വി എച്ച് എസ് എസ്
കാരാകുറുശ്ശി

# ആർത്തി (കവിത)

ഇന്നു ഞാൻ കയ്പ്പേറിയ പേമാരിയിൽ
കുളിരു തിരയുന്നു !
ഇന്നലയിലേക്ക് തിരികെ നടക്കാൻ എൻ്റെ ഉണങ്ങാത്ത മുറിവുകൾ കൊതിക്കുന്നു!
അവ എൻ്റെ നെഞ്ചിലേക്ക്
കുന്തമുനകളായി കുത്തി തറയ്ക്കുന്നുണ്ട് !
അവയെ വീണ്ടും ഉള്ളിലേക്കാഴ്ത്തി
ഒളിച്ചു വെച്ചു!
ഇനിയവ തനിയേ
ഉരുകി ഉപ്പായി തീരട്ടെ!
മധുരം എന്നെ കാത്തിരിപ്പുണ്ടാവും
ഞാൻ വീണ്ടും നടന്നുകൊണ്ടിരിക്കുന്നു
ആർത്തിയോടെ..........

- അലിഡ. കെ.എം



# അക്ഷരപ്പൂവ്

പേരറിയാത്തൊരു ചെടി.
അതിൽ വിരിഞ്ഞിട്ടുണ്ട് ഒരു അക്ഷരമുഞ്ഞ്. നിറ മുണ്ടായിരുന്നില്ല, മണവും.
എങ്കിലും രൂപമുണ്ടായിരുന്നു. അതുകൊണ്ട്.. നോവിക്കാതെ, പേരില്ലാച്ചെടിയിൽ നിന്നും കുഞ്ഞിനെ മൃദുവായി, മൃഴവനായി എടുത്ത് കൈ വെള്ളയിൽ പൊതിയണം നെഞ്ചോട് ചേർക്കണം..

പ്രായപകർച്ചഏൽക്കാത്തളുക്കണം കൂടിന്റെ ഉയരങ്ങളിൽ കെട്ടിയ തൊട്ടിലാട്ടണം.. മഴപ്പൊട്ടുകൾ തൊടീക്കണം.. മഴവില്ലൊരുക്കി വച്ച. വളകൾ അണിയിക്കണം കുഞ്ഞുടലിൽ വെയിൽ തിളക്കം പൂശിക്കൊടുക്കണം.കുഞ്ഞുവായിൽ തേന്മുത്തുകൾകൊണ്ട് എഴുതണം. അഞ്ജന മിഴിയിൽ നീല നിറച്ച് മയക്കണം. കൊഞ്ചലുകളിൽ മാല കൊരുക്കണം താമരയിതളിൽ തുഞ്ഞിച്ചേർത്ത തണുത്ത കുപ്പായ മണിയിക്കണം.

നിലാവൊരുക്കിയ കുളൂർ വീശറികൊണ്ട് വീശിത്തണുപ്പിക്കണം . . അധരത്തിൽ, മഞ്ചുചിരി ഒട്ടിച്ചുവയ്ക്കണം.. അങ്ങനെ.. ഒരു നാൾ... പൂത്തഅക്ഷരപച്ചയിലേ ക്ക് നോക്കിയിരിക്കുമ്പോൾ മുള്ളുനൊമ്പരങ്ങൾ അകലുന്നതും, മറന്നു പോവുന്നതും അറിയണം..

- പ്രസീദ



## WOMB

I feel so cool and calm in the this darkness
It is my first world and first place
I'm floating along with her imagination
I know Im a new miracle of her horizon
Ifelt a new world Is waiting for me...
But....
Sometimes I felt the changes my rosy dreams
Her deep sighs makes me sophisticated
The crimson thoughts push me out
Oh!the dazzling of white welcoming me
Mom... Mom

## SILENCE

I swaddle my soui with
Silence.
It never allowed my
emotions to quit.
It expinge my tears from my
soul.
It sheaths my rage and chill my thoughts.
It adorn my jeart with smile of loved one.
It's a blessings to the
bleeding heart.........

KRS








Draw by
Sriniketh.S
GOHAN